**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**28 DECEMBER 2018**
**20 RABI'UL AAKHIR 1440 AH**

# "WHERE HAVE OUR VALUES OF YESTERYEARS GONE?".

# നമ്മുടെ മുൻകാല മൂല്യങ്ങൾ എവിടെപോയി?

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം നമ്മുടെ മുൻകാല മൂല്യങ്ങൾ *എവിടെപോയി* എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

മുൻകാല മൂല്യങ്ങൾ മിക്കവാറും അപ്രത്യക്ഷമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മുതിർന്നവർക്ക് ആദരവില്ലാത്ത കാലം! ഉദാഹരണമായി പറഞ്ഞാൽ, കഴിഞ്ഞ കാലഘട്ടങ്ങളിൽ അദ്ധ്യാപകർ അവരുടെ വിദ്യാർത്ഥികൾക്ക് അമൂല്യങ്ങളായിരുന്നു. അതായത് അധ്യാപകരോട് വളരെ വലിയ ആദരവായിരുന്നു. എന്നാൽ ഇക്കാലത്ത് ഇത് നഷ്ടപെട്ടിരിക്കുകയാണ്. രക്ഷകർത്തകൾക്ക് തങ്ങളുടെ കുട്ടികളെ നിയന്ത്രിക്കുവാൻ കഴിയാത്ത അവസ്ഥയിലെത്തിരിയിരിക്കുന്നു. മതപരമായ ബോധനങ്ങൾ ഉണ്ടെങ്കിലും, സന്നദ്ധ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും, മനഃശാസ്ത്രജ്ഞരുടെ സേവനങ്ങൾ ലഭ്യമാണെങ്കിലും നിയന്ത്രണ വിധേയമാകാത്ത സാഹചര്യം! ഈ പറയപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടക്കുന്നുണ്ടെങ്കിലും സാമൂഹ്യ സാഹചര്യം നന്നാവുന്നില്ല. മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തി

ലാണ് നാം ജീവിക്കുന്നത്. ആഗോളവത്ക്കരണത്തിലൂടെ, ആധുനികതയിലൂടെയുള്ള ഒഴുക്ക് നമ്മെ വലിച്ചു കൊണ്ടു പോവുകയാണ്. മുൻകാല മൂല്യങ്ങൾ പ്രസ്തുത കുത്തൊഴിക്കിൽ തകർന്നടിയുകയാണ്.

പുതുതലമുറ സാമൂഹ്യ വളർച്ചയുടെ പുറകിലാണ്. കഴിഞ്ഞകാലഘട്ടങ്ങളിൽ സ്കൂളുകളിലും, മദ്രസ്സകളിലും അതോടൊപ്പം രക്ഷകർത്താക്കളും അവരുടെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിറവേറ്റിയിരുന്നു. അങ്ങനെ ധാർമ്മികതയെ പിടിച്ചു നിർത്തിയിരുന്നു. ആധുനികതയുടെ സ്വാധീനം ധാർമ്മികതയ്ക്കു കോട്ടം തട്ടാതെ കാത്തുസൂക്ഷിച്ചിരുന്നു. എന്നാൽ ഇക്കാലത്ത്, രക്ഷകർത്താകൾക്ക് തങ്ങളുടെ മക്കളുടെ മേലുള്ള അധികാരം നഷ്ടപ്പെട്ടിരിക്കുന്നു. അനേകം കുട്ടികളും തങ്ങളുടെ രക്ഷിതാക്കളെ അനുസരിക്കാത്തവരായി മാറിയിരിക്കുന്നു.

എന്തുകൊണ്ടാണ് ഈ ചെറുപ്പക്കാർ ധാർമ്മിക മൂല്യങ്ങളെ കളഞ്ഞു കുളിക്കുന്നത്? നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയിലെ പഴുതകളാണോ ഇതിന് കാരണം? ഹൈ ടെക്നോളജിയിലൂടെ നമ്മുടെ യുവാക്കളെ യന്ത്രമനുഷ്യരാക്കി മാറ്റുകയാണോ നാം ചെയ്യുന്നത്? യുവാക്കളിൽ വിനയവും മര്യാദയും മിക്കവാറും അപ്രത്യക്ഷമായിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിലെ അഭിവാദ്യങ്ങൾ നമ്മിൽ നിന്നും അന്യമായിരിക്കുന്നു. അത് നമ്മുടെ ഹൃദയാന്തരാളങ്ങളിൽ നിന്നും പോയ്മറഞ്ഞിരിക്കുന്നു. അത് ഹൃദയം നിറയെ സ്നേഹവും സൗഹൃദവുമായിരുന്നു ഇന്നോ?

അപ്പോൾ നാം ആരെയാണ് പഴിക്കേണ്ടത്? പഴിചാരുന്ന കളി നാം കളിക്കരുത്. കാരണം എല്ലാ പാർട്ടിക്കാരെയും പഴി പറയേണ്ടി വരും. രക്ഷകർത്താക്കൾ, കുടുംബത്തിന്റെ മർമ്മകേന്ദ്രം, അവരാണ്. എന്നാൽ തങ്ങളുടെ  മക്കളുമായുള്ള ബന്ധം അറ്റുപോയിരിക്കുന്നു. ഇത്, കുട്ടി

കൾക്ക് എല്ലാം അനുവദിച്ചിരിക്കുകയാണ്. അവിടെ ഒരു നിയന്ത്രണ വുമില്ല. അച്ഛനും അമ്മയും ജോലിക്കു പോകുന്നു. കുട്ടികളെ അവരുടെ ഇഷ്ടത്തിന് വിട്ടിരിക്കുന്നു. അവർക്ക് ശരിയായ മാർഗദർശനമില്ല, അച്ചടക്കവുമില്ല. ഇന്ന്, വളരെ സമുന്നതമായ ടെക്നോളജി ഉപയോഗിക്കുന്ന പഴയകാലത്തുണ്ടായിരുന്ന കൂട്ടുകുടുംബ ബന്ധത്തിന്നപ്പുറം, ഇന്ന് എല്ലാ വിധത്തിലുള്ള ആളുകളുമായി ബന്ധപ്പെടാവുന്ന ആഗോളപാത തുറന്നിരിക്കുകയാണ്. ടെക്നോളജി കുറെ പ്രയോജനങ്ങൾ നമുക്ക് നല്കുന്നുണ്ടെങ്കിലും, ഒരു പക്ഷേ, പലമടങ്ങ് കോട്ടങ്ങൾ നല്കുന്നുണ്ട് എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. അവ നമ്മുടെ കുട്ടികളുടെ ശാരീരിക മാനസിക, ധാർമ്മിക, ആദ്ധ്യാത്മിക ആരോഗ്യത്തെ തകിടം മറിക്കുകയാണ് ചെയ്യുന്നത്.

കഴിഞ്ഞകാലത്ത്, ദാരിദ്ര്യം എന്ന കോട്ടമുണ്ടായിരുന്നെങ്കിലും, കൂടുംബാംഗങ്ങൾ തമ്മിലുണ്ടായിരുന്ന ബന്ധം സൗഹൃദപരമായിരുന്നു. വൈകുന്നേരം ഭക്ഷണത്തിനായി നാം ഒരുമിച്ച് മേശയ്ക്ക് ചുറ്റും ഇരിക്കുമായിരുന്നു. മണ്ണെണ്ണ വിളക്ക് കുടുംബസംഗമത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമായിരുന്നു. ദൗർഭാഗ്യവശാൽ, ഇന്ന്, നമുക്ക് ഈ കുടുംബസംഗമം നഷ്ടമായിരിക്കുന്നു. രക്ഷകർത്താക്കളും കുട്ടികളുമായുള്ള സംസാരം മിക്കവാറും ഇല്ലാതായിരിക്കുന്നു. അല്പം ഉണ്ടെങ്കിൽ പോലും, വേണ്ട അളവിൽ ഇല്ല എന്നത് ഒരു യാഥാർത്ഥ്യമാണ്.

ഭയാനകമായി പിടിച്ചുപറി, കൊടുംക്രൂരകുറ്റകൃത്യങ്ങൾ, മദ്യപാനം, ലഹരിമരുന്നുപ്രയോഗം, ഇവ നമ്മുടെ നിത്യജീവിതത്തിന്റെ സിംഹഭാഗവും അപഹരിഞ്ഞിരിക്കുകയാണ്. ഇന്നത്തെ സമൂഹത്തിൽ ഇവയാണ് പിടിമുറുക്കിയിരിക്കുന്നത്. മുൻകാലങ്ങളിൽ, ദാരിദ്ര്യമുണ്ടായിരുന്നെങ്കിലും സമൂഹത്തിൽ സൗഹൃദത്തോടെ കഴിഞ്ഞിരുന്ന.

അയൽവാസികളുമായുണ്ടായിരുന്ന ആദരണീയമായ ഇടപഴകൽ, ആരോഗ്യപൂർണ്ണവും സമാധാനപരവുമായ ഒരു പരിതസ്ഥിതിക്ക് കാരണമായിരുന്നു. സാംസ്ക്കാരിക നായകന്മാർ, ബഹുമാന്യരും മാതൃകാപുരുഷന്മാരുമായിരുന്നു. ഉന്നതങ്ങളിൽ നല്ലവരാണെങ്കിൽ, നമുക്ക് നല്ലതു വരുന്നതാണ്. എന്നാൽ ഇന്നത്തെ സാഹചര്യം കുഴപ്പം പിടിച്ചതാണ്. പ്രയാസകരവുമാണ്. ചതിയും, വഞ്ചനയും സമൂഹത്തെ കാർന്നുതിന്നുകയാണ്. ധനമോഹം, അവരുടെ ജീവിതത്തെ, അതിനൂതകുന്നതരത്തിലുള്ള ജോലിക്കായി തള്ളിവിടുന്നു. ദൗർഭാഗ്യവശാൽ, ഇതിന്റെ വില നല്കേണ്ടി വരുന്നത് പാവം കുട്ടികളാണ്. രക്ഷിതാക്കളുടെ വൈകാരികമായ ഈ അവഗണന, അതോടൊപ്പം അവർക്ക് സമയം ലഭിക്കാത്ത സാഹചര്യമൂലം, ശരിയായ മാർഗനിർദ്ദേശമില്ലാതെ, കുട്ടികൾ അന്ധകാര എടുപ്പുകളിൽ അകപ്പെടുന്നു. കൃത്രിമമായുണ്ടാക്കിയ മയക്കുമരുന്നുകൾ അവരുടെ ജീവിതങ്ങളെ തകർത്തെറിയുന്നു.

നല്ല രീതികൾ, നല്ല സ്വഭാവങ്ങൾ, നല്ല ആദരവ്, നല്ലപെരുമാറ്റം, അവർക്ക് പകർന്നു നല്കുവാൻ നമുക്ക് കഴിയുമോ? രക്ഷകർത്താക്കളും കുട്ടികളുമായുള്ള ആശയവിനിമയം, പഴയരീതിയിലുള്ള ജീവിതവഴിയെപറ്റി, പര്സപര ബഹുമാനത്തോടെ ഈ യുവതലമുറയ്ക്ക് പകർന്നു നല്കുവാൻ കഴിയുമോ? ഇൻശാ അല്ലാഹ്! ഇത് നമുക്ക് നല്കുവാൻ കഴിയും. നല്ല ആത്മീയ വിദ്യാഭ്യാസത്തിലൂടെ! അതിലൂടെ കുട്ടികളുടെ  ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങൾ മെച്ചപ്പെടുന്നതാണ്. അവരുടെ ദൈവത്തെ അന്വേഷിക്കുവാനുള്ള താത്പര്യവും സ്നേഹവും അവരിൽ ഉണ്ടാകുന്നതാണ്. അങ്ങനെ പ്രാർത്ഥയിലൂടെയും, നല്ല പെരുമാറ്റത്തിലൂടെയും, നല്ല പ്രവർത്തികൾ ചെയ്തുകൊണ്ടും അവർ സർവ്വശക്തനെ പ്രാപിക്കുന്നതാണ്.

ഇസ്ലാമിന്റെ പ്രവാചകൻ, ഹസ്രത് മുഹമ്മദ്(സ) നല്ല പെരുമാറ്റത്തിന് വളരെ വലിയ പ്രാധാന്യമാണ് നല്കിയിട്ടുള്ളത്. വിധിനാളിൽ നല്ല പെരുമാറ്റം, നമ്മുടെ തുലാസ്സുകളെ ഘനമുള്ളതാക്കി മാറ്റുന്നതാണ്. അദ്ദേഹം ഇങ്ങനെയും പറയുകയുണ്ടായി. നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഏറ്റവും നല്ല സ്വഭാവമഹിമയുള്ളവനാകുന്നു.(ബുഖാരി) മറ്റൊരു പ്രവാചക വചനത്തിൽ ഇങ്ങനെ പറയുന്നു. തീർച്ചയായും, വിശ്വാസികളിൽ സമ്പൂർണ്ണൻ, ഏറ്റവും നല്ല സ്വഭാവഗുണമുള്ളവനാകുന്നു. തന്റെ കുടുംബത്തോട് ഏറ്റവും അനുകമ്പയുള്ളവനുമാകുന്നു. (തിർമിദി)

ഏറ്റവും നല്ല സ്വാഭാവം സമ്പൂർണ്ണമാക്കുന്നതിനു വേണ്ടിയാണ് അല്ലാഹുവിന്റെ ദൂതൻ (സ) നിയോഗിതനായിട്ടുള്ളത്. ആയതിനാൽ നമ്മുടെ പ്രവാചകൻ(സ) ന്റെ കാലടിപാതകളെ പിന്തുടരുവാൻ നമുക്ക് ബാധ്യതയുണ്ട്. തിരുമേനിയുടെ സുന്നത്തിനെ പ്രവർത്തി പഥത്തിൽ കൊണ്ട് വരേണ്ടതാണ്. നമ്മുടെ കുട്ടികളെ അതു പിന്തുടരുവാൻ പ്രേരിപ്പിക്കേണ്ടതാണ്. അങ്ങനെ ആയാൽ ഇന്നത്തെ സമൂഹം നേരെയാകും. ഇൻശാ അല്ലാഹ്! ആമീൻ.

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*